**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 213** **27-01-2026-ൽ മറുപടിയ്ക്ക്**

**ആശാ പ്രവർത്തകരുടെ വേതനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീമതി കെ. കെ. രമ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ആശാ പ്രവർത്തകർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**മറുപടി:** ആശയെ ഒരു സന്നദ്ധ ആരോഗ്യ പ്രവർത്തക ആയിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. അവർക്ക് പ്രതിമാസ ശമ്പളത്തിന് പകരം ചുവടെ പറയുന്ന ആനുകൂല്യങ്ങളാണ് നൽകുന്നത്.

ഓണറേറിയം

മുഴുവനായും സംസ്ഥാന വിഹിതമായി സംസ്ഥാന സർക്കാർ നൽകുന്ന 8000 രൂപയാണ് പ്രതിമാസ ഓണറേറിയം.

ഫിക്സഡ് ഇൻസെന്റീവ്

2018 മുതൽ അനുവദിച്ച 2000 രൂപയും, 2024 ഒക്ടോബർ മുതൽ അനുവദിച്ച 1000 രൂപയും അടക്കം നിലവിൽ പ്രതിമാസം 3000 രൂപ ആശമാർക്ക് നൽകുന്നു. (കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ).

പെർഫോർമൻസ് ഇൻസെന്റീവ്

വിഭാവനം ചെയ്ത പ്രത്യേക പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള ഇൻസെന്റീവ്, കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ നൽകുന്നു.

മൊബൈൽ ഫോൺ അലവൻസ്

പ്രതിമാസം 200 രൂപ മൊബൈൽ ഫോൺ അലവൻസായി നൽകുന്നു.

സാമൂഹിക സുരക്ഷ പദ്ധതികൾ

ആശമാർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി PMJJBY (പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന), PMSBY (പ്രധാനമന്ത്രി സുരക്ഷ ഭീമ യോജന), PM-SYM (പ്രധാനമന്ത്രി ശ്രം മാന-ധൻ യോഗി യോജന) എന്നീ പദ്ധതികളിൽ അംഗമാകുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ച, അർഹരായ എല്ലാ

ആശമാരെയും അംഗങ്ങളാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ ആശമാരുടെ അംശദായം എൻ.എച്ച്.എം നൽകിവരുന്നു.

**(ബി)** ആശാ പ്രവർത്തകരുടെ വേതനം പ്രതിദിനം 700 രൂപയാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

**<u>മറുപടി:</u>** ആശമാരുടെ ഹോണറേറിയം സർക്കാർ കാലോചിതമായി വർദ്ധിപ്പിച്ചു വരുന്നുണ്ട്. 2011-12 ലെ സംസ്ഥാന ബഡ്ജറ്റിൽ ആണ് ആശമാർക്ക് ആദ്യമായി 300 രൂപ പ്രതിമാസ ഹോണറേറിയം നൽകുന്നതിന് തീരുമാനിച്ചിരുന്നത്. അതിനുശേഷം ഘട്ടം ഘട്ടമായി ഈ തുക വർദ്ധിപ്പിച്ച് 2026 ഏപ്രിൽ മുതൽ പ്രതിമാസം 9000 രൂപ വരെയാക്കി. വർദ്ധനവിന്റെ തോത് ചുവടെ ചേർക്കുന്നു.

| **Year** | **Amount** |
|---|---|
| 2011-12 | 300 |
| 2011 July | 500 |
| 2012-13 | 600 |
| 2013-14 | 700 |
| 2014-15 | 900 |
| 2015-16 | 1000 |
| 2016-17 | 1500 |
| 2017-18 | 2000 |
| 2018-19 | 4000 |
| 2019-20 | 4500 |
| 2020-21 | 5000 |
| 2021-22 | 6000 |
| 2023-25 | 7000 |
| 2025 നവംബർ | 8000 |
| 2026 ഏപ്രിൽ | 9000 |

**സെക്ഷൻ ഓഫീസർ**